**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4412** **10-08-2021 - ൽ മറുപടിയ്ക്ക്**

**ജൈവ പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പച്ചക്കറികളിലും പഴവർഗങ്ങളിലുമുള്ള അമിതമായ കീടനാശിനി പ്രയോഗം മൂലം ഒട്ടനവധിപ്പേർ രോഗികളാകുന്നത് പരിഗണിച്ച് ജൈവ പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | വിഷമുക്ത പച്ചക്കറി സംസ്ഥാനമൊട്ടാകെ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസത്തേക്കുള്ള "ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്ത് പാക്കറ്റുകളും പച്ചക്കറി തൈകളും സൗജന്യമായി വിതരണം ചെയ്തിരുന്നു. കീടരോഗ പ്രതിരോധ ശേഷിയുള്ള പരമ്പരാഗത ഇനങ്ങൾ, ബഹുവർഷ പച്ചക്കറി ഇനങ്ങൾ തുടങ്ങിയവ വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനും പ്രോത്സാഹനം നൽകിയിരുന്നു. ഈ പദ്ധതിയിലൂടെ വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുന്നതിനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കാനും സാധിച്ചു. ആരോഗ്യ സംരക്ഷണത്തിനായി, സുരക്ഷിത പച്ചക്കറിയുടെ ആവശ്യകതയെ സംബന്ധിച്ച് എല്ലാ വിഭാഗം ജനങ്ങൾക്കും അവബോധം നൽകുന്നതിനും തത്ഫലമായി അവരെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി വിവിധ തലത്തിലുള്ള പരിശീലനങ്ങൾ, ബോധവല്കരണ ക്ലാസുകൾ, കൃഷി പാഠശാലകൾ എന്നിവ സംഘടിപ്പിച്ചിരുന്നു. സ്കൂൾ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് വിദ്യാലയങ്ങളിലും കർഷകർ, വീട്ടമ്മമാർ, വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ എന്നിവർക്ക് വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി വിതരണം നടത്തി വീട്ടുവളപ്പിലും തിരഞ്ഞെടുത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൃഷിത്തോട്ടം നിർമ്മിച്ചും സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ കൃഷി നടത്തിയും വിഷരഹിത പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് |

സാധിച്ചിട്ടുണ്ട്. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നു തന്നെ ലഭ്യമാക്കുവാൻ ഉദ്ദേശിച്ചു കൊണ്ട് ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതി നടപ്പിലാക്കിയിരുന്നു. വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തി വരുന്നു. വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10/- രൂപയുടെ 80 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 2.50 രൂപ വിലയുള്ള 272.16 ലക്ഷം പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും, കർഷകർക്കും, വീട്ടമ്മമാർക്കും, വിവിധ സന്നദ്ധസംഘടനകൾക്കും, മാധ്യമങ്ങൾക്കും സൗജന്യമായി വിതരണം ചെയ്തുവരുന്നു. കൂടാതെ സംസ്ഥാന സർക്കാർ പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഒരു ഹെക്ടറിന് 10000 രൂപ നിരക്കിൽ ജൈവ പച്ചക്കറി കൃഷി ചെയ്യുന്ന സുഭിക്ഷം - സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിലെ കർഷകർക്ക് അധിക ധനസഹായമായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ജൈവ രീതിയിൽ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ "സേഫ് റ്റു ഈറ്റ് - കേരള ഓർഗാനിക്" എന്ന ബ്രാൻഡിൽ കമ്പോള വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സംഭരിച്ച് വിപണനം നടത്തുന്നതിനായി ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ഒരു ഇക്കോഷോപ്പിന് രണ്ട് ലക്ഷം രൂപ വീതം ധനസഹായം നല്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പച്ചക്കറി സംഭരിച്ച് വില്പന നടത്തുന്നതിനുള്ള റിവോൾവിംഗ് ഫണ്ടിനായും ഈ തുക ചെലവഴിക്കുന്നു. ഇക്കോഷോപ്പുകൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി ഇതിനായി താല്പര്യമുള്ള GAP ക്ലസ്റ്ററുകൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. 2013 മുതൽ നാളിതുവരെ 274 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് 'ജൈവകൃഷിയും ഉത്തമ കൃഷി മുറകളും' പദ്ധതിയ്ക്ക് കീഴിൽ ആരംഭിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പുതിയ 12 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിന് 28 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പാക്കി വരുന്നു. വിപണികളിൽ ലഭ്യമാകുന്ന പഴം, പച്ചക്കറികൾ സുരക്ഷിത ഭക്ഷണമാണെന്ന് ഉറപ്പുവരുത്തുന്നതിൻ്െറ ഭാഗമായി വെള്ളായണി കാർഷിക കോളേജ് (തിരുവനന്തപുരം), ഹോർട്ടിക്കൾച്ചർ കോളേജ് വെള്ളാണിക്കര (തൃശ്ശൂർ), ആർ . എ. ആർ . എസ് മങ്കൊമ്പ് (ആലപ്പുഴ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന "കീടനാശിനി

| | | | |
|---|---|---|---|
| | | | അവശിഷ്ട വിഷാംശ പരിശോധന" ലാബുകളിലെ ഉദ്യോഗസ്ഥർ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശം ടി ലാബിൽ പരിശോധിച്ച് പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. അതുവഴി ഉപഭോക്താക്കൾക്ക് ഗുണമേന്മ ഉറപ്പുവരുത്താനും കൂടുതൽ സ്വീകാര്യത കൈവരിക്കാനും സാധിക്കും. കൂടാതെ പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ) പദ്ധതിയിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ 60:40 അനുപാതത്തിൽ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്നു. തുടർച്ചയായി മൂന്നു വർഷം ധനസഹായം നൽകി ജൈവകൃഷി നടപ്പിലാക്കുന്നു. ക്ലസ്റ്റർ ഒന്നിന് 14.95 ലക്ഷം രൂപ വീതം ധനസഹായം നൽകും. 624 ക്ലസ്റ്ററുകൾ രൂപീകരിച്ചു. 12480 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ചു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഓരോ കർഷകനും പി.ജി.എസ് സർട്ടിഫിക്കേഷൻ നൽകുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ) പദ്ധതിയിൽ പുതിയ 5 ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമെ കേന്ദ്ര, സംസ്ഥാന ആവിഷ്കൃത പദ്ധതിയായ സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കാർഷിക പരിസ്ഥിതി അധിഷ്ഠിത വിള സംരക്ഷണം) നടപ്പിലാക്കി വരുന്നു. പൂർണമായും സ്വാഭാവിക കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ 60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് സ്വാഭാവിക കൃഷി വ്യാപിപ്പിക്കുക എന്നതാണ് ടി പദ്ധതിയുടെ ഉദ്ദേശം. ടി പദ്ധതിയുടെ മാനദണ്ഡം പാലിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് മൂന്നാം വർഷം പിജിഎസ് ഓർഗാനിക് സർട്ടിഫിക്കറ്റ് ലഭിക്കുന്നു. കേരളത്തിൽ ഒരു ക്ലസ്റ്ററിന് 500 ഹെക്ടർവീതം ആകെ 168 ക്ലസ്റ്ററുകളാണ് (84000 ഹെക്ടർ) ടി പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. ഒരു ക്ലസ്റ്ററിന് 26.52 ലക്ഷം രൂപ വകയിരുത്തുക വഴി 4455.36 ലക്ഷം രൂപ ഒന്നാം വർഷം ചെലവഴിക്കും. |
| (ബി) | ജൈവ രീതിയിൽ നെല്ലുൽപ്പാദനം | (ബി) | കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന |

| | | | |
|---|---|---|---|
| | വ്യപകമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | | സർക്കാരിന്റെയും സംയുക്ത സഹായത്തോടെ ഫണ്ടുകളുടെ 60:40 അനുപാതത്തിൽ കേരളത്തിൽ പരമ്പരാഗത കൃഷി വികാസ് യോജനയും സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേഴ്സിറ്റി കൺസർവേഷൻ) യും നടപ്പിലാക്കുന്നു. ടി പദ്ധതി വഴി ക്ലസ്റ്ററുകളിൽ അംഗമാകുന്ന കർഷകർ ജൈവ ഉൽപ്പാദനോപാധികൾ നിർമ്മിച്ച് നെല്ല് കൃഷിയ്ക്ക് ഉപയോഗിക്കാൻ വേണ്ടി കർഷകർക്ക് വിതരണം ചെയ്യുന്നു. ഇതിന് പുറമേ എറണാകുളം ജില്ലയിൽ പൂർണ്ണമായും ജൈവ രീതിയിൽ പൊക്കാളി കൃഷി ചെയ്യുന്ന കർഷകരും മേൽ പറഞ്ഞ കൃഷി രീതികൾ നടപ്പിലാക്കുന്നു. |

സെക്ഷൻ ഓഫീസർ